ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തിനഗർ, തിരുവ
നന്തപുരം - 1

നം.ഇ.എക്സ്.II-1/14608/എച്ച്.എസ്.ഇ/2017 തീയതി : **27/09/2017**

## സർക്കുലർ

2017 ജൂലൈയിൽ നടന്ന ഒന്നാം വർഷ ഹയർ സെക്കന്ററി ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷാഫലം 27/09/2017 ബുധനാഴ്ച പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരീക്ഷാഫലം www.dhsekerala.gov.in, www.keralaresults.nic.in, www.prd.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാകുന്നതാണ്.

ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയത്തിനും, സൂക്ഷ്മപരിശോധനയ്ക്കും ഫോട്ടോകോപ്പി ലഭിക്കുന്നതിനും നിശ്ചിതഫോറങ്ങളിൽ അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം മാർച്ചിലെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിലെ പ്രിൻസിപ്പലിന് 07/10/2017 - നകം സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.

**ഫീസ് വിവരം** :

| | | |
|---|---|---|
| പുനർമൂല്യനിർണ്ണയം | - | പേപ്പറൊന്നിന് 500 രൂപ |
| സൂക്ഷ്മപരിശോധന | - | പേപ്പറൊന്നിന് 100 രൂപ |
| ഉത്തരക്കടലാസ്സിന്റെ ഫോട്ടോ കോപ്പി | - | പേപ്പറൊന്നിന് 300 രൂപ |

അപേക്ഷാഫോറങ്ങൾ സ്കൂളുകളിലും ഹയർസെക്കന്ററി പോർട്ടലിലും ലഭ്യമാണ്. നിശ്ചിത തീയതിയ്ക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പ്രിൻസിപ്പൽമാർ സ്കൂളുകളിൽ ലഭിക്കുന്ന പൂരിപ്പിച്ച അപേക്ഷകൾ പരീക്ഷാസെക്രട്ടറി ലഭ്യമാക്കുന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് 11/10/2017 - നകം അപ്‌ലോഡ് ചെയ്യേതാണ്.

**ഒപ്പ്/-**
**ജോയിന്റ് ഡയറക്ടർ (പരീക്ഷാവിഭാഗം)**
**&**
**സെക്രട്ടറി**
**ബോർഡ് ഓഫ് ഹയർ സെക്കന്ററി**
**എക്സാമിനേഷൻസ്**